**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2599** **17-03-2022 - ൽ മറുപടിയ്ക്ക്**

**വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ മേഖലയിൽ കൂടുതൽ നിക്ഷേപകരെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനം വ്യവസായ സൗഹ‍ൃദമാക്കുകവഴി വ്യവസായ വികസനം സാധ്യമാക്കുകയും ഉൽപാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്ന പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 7 നിയമങ്ങളിലും 10 ചട്ടങ്ങളിലും ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽ വന്നിട്ടുണ്ട്. വിവിധവകുപ്പുകളിൽ നിന്നുള്ള ലൈസൻസുകളും അനുമതികളും ലഭ്യമാക്കുന്നത് സുഗമമാക്കാൻ ഓൺലൈൻ ഏകജാലക പോർട്ടൽ ആയി കെ സ്വിഫ്റ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പുതിയതായി ആരംഭിക്കുന്നതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ചുവപ്പ് വിഭാഗത്തിൽപ്പെടാത്തതുമായ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് മൂന്ന് വർഷത്തേക്ക് സംസ്ഥാന നിയമപ്രകാരം ഉള്ള ലൈസൻസുകൾ സ്വയം സാക്ഷ്യപ്പെടുത്തൽ വഴി മൂന്ന് വർഷത്തേക്ക് ഒഴിവാക്കിയിട്ടുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് നിലവിൽ വന്നിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളുടെ പ്രശ്നപരിഹാരത്തിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ഒരു കോൾ സെന്ററും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളിലെ വ്യവസായവുമായി ബന്ധപ്പെട്ട നിയമങ്ങൾ സുഗമമാക്കുന്നതിനും ഗുരുതരമല്ലാത്ത പിഴവുകൾക്ക് ശിക്ഷ നടപടികൾ ഒഴിവാക്കുന്നതിനുമായി നിയമങ്ങളിൽ ഭേദഗതികൾ വരുത്തുവാൻ ഉള്ള നടപടികൾ വകുപ്പ് തലങ്ങളിൽ സ്വീകരിച്ചു വരുന്നുണ്ട്. വിവിധ വകുപ്പുകളുടെ സേവനങ്ങൾ ഓൺലൈൻ ആക്കുന്നതിനും അവയെ കെ സ്വിഫ്റ്റ് ഏകജാലക സംവിധാനവുമായി ഏകോപിപ്പിക്കുന്നതിനും ഉള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാ |

സംസ്ഥാന തലങ്ങളിൽ ഏകജാലക ബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സേവനങ്ങളും മറ്റ് വിവരങ്ങൾ സംരംഭകരിൽ എത്തിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ് ഒരു യൂറ്റ്യൂബ് ചാനൽ ആരംഭിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിലെ വിവിധവകുപ്പുകളുടെ പരിശോധനനടപടികൾ ഏകോപിക്കുന്നതിനുള്ള കേരളാ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം (K-CIS) നിലവിൽ വന്നിട്ടുണ്ട്. നിക്ഷേപകരുടെ പരാതികൾ പരിഹരിക്കാൻ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും സിവിൽ കോടതിയുടെ അധികാരമുള്ള, ജില്ലാ-സംസ്ഥാനതല പരാതി പരിഹാരകമ്മിറ്റികൾ 2021ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശവികസനവും (ഭേദഗതി) ഓർഡിനൻസ് പ്രകാരം നിലവിൽ വന്നിട്ടുണ്ട്. സംസ്ഥാനത്തെ നിക്ഷേപം പ്രോത്സാഹിപ്പിയ്ക്കുന്നതിനും സംസ്ഥാനത്തെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിനുമായി നടപ്പിലാക്കി വരുന്ന മറ്റു പദ്ധതികൾ ചുവടെ ചേർക്കുന്നു. 1. സംരംഭക സഹായ പദ്ധതി 2.നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി 3.ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ് 4.പ്രവർത്തന രഹിതമായ സൂക്ഷ്മ ചെറുകിട ഇടത്തരം യൂണിറ്റുകളുടെ പുന:രുജ്ജീവന പദ്ധതി 5. വ്യവസായ ഭദ്രദ പദ്ധതി 6.പ്രൈം മിനിസ്റ്റേഴ്സ് ഫോർമുലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസ്സസ്സിംഗ് എന്റർപ്രൈസ്സസ്സ് 7. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി 8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി 9.സൂക്ഷ്മ ചെറുകിട സംരംഭകരങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി ഭക്ഷ്യസംസ്കരണം, കാർഷികാദിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പ്രത്യേക പരിഗണനയും നൽകി വരുന്നുണ്ട്. സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കുവാനും നിലവിലെ സംരംഭങ്ങൾ നടത്തുവാനും കൂടുതൽ നിക്ഷേപകരെ ആകർക്കുന്നതിനും കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിൽ (നിലവിൽ 8.25% -10.25%) 100 കോടി രൂപ വരെ വായ്പയായി നല്കി വരുന്നു. ഓരോ ആറു മാസത്തിന്റെയും അവസാനം കുടിശിക ഇല്ലായെങ്കിൽ പലിശ നിരക്കിൽ അര ശതമാനം വരെ (ബാക്കിയുള്ള മുതലിന്റെ അടിസ്ഥാനത്തിൽ) വീണ്ടും കുറവ് നൽകി വരുന്നു. കൂടാതെ, ഈ പ്രൊജെക്റ്റുകളിൽ പ്രമോട്ടർമാർ കൊണ്ടുവരേണ്ട

വിഹിതം 50% വരെ അൺസെക്യൂർഡ് വായ്പയായി കൊണ്ടുവരാൻ അനുവദിച്ചിട്ടുണ്ട്. പ്രത്യേക പരിഗണനാ വിഭാഗത്തിലുള്ള പ്രൊജെക്റ്റുകളിൽ വായ്പ - ഇക്വിറ്റി അനുപാതം 1.5:1 വരെ അധിക ഈട് ഇല്ലാതെയും വായ്പ - ഇക്വിറ്റി അനുപാതം 2:1 വരെ 1.5:1 യ്ക്ക് മുകളിലുള്ള തുകയ്ക്ക് അധിക ഈടോടുകൂടിയും വായ്പ നല്കി വരുന്നു. മറ്റ പ്രൊജെക്റ്റുകൾക്ക് ഇത് യഥാക്രമം 1:1 ഉം 1.5:1 ഉം ആണ്. മാത്രമല്ല ഭക്ഷ്യസംസ്കരണം, കാർഷികാധിഷ്ഠിത വ്യവസായങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് പ്രത്യേക പരിഗണനയും കെഎസ്ഐഡിസി നൽകി പോരുന്നുണ്ട്. കെ.എസ്.ഐ.ഡി.സി. കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകൾ പ്രഖ്യാപിച്ചതും, വായ്പ തുക ഉയർത്തിയതും അപേക്ഷ ഫോറം ഇന്റർനെറ്റിൽ ലഭ്യമാക്കുന്നതും കോവിഡ്-19 നെ തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനായി വ്യവസായ ഭദ്രത പാക്കേജും സമാശ്വാസ പദ്ധതി പാക്കേജും പ്രഖ്യാപിച്ചതും ഒക്കെ സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായികൾക്കും നിലവിൽ വ്യവസായം നടത്തികൊണ്ടിരിക്കുന്നവർക്കും ഒരു പോലെ പ്രോത്സാഹനവും സഹായവും നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളതും സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുന്നതിന്റെയും ഭാഗമായിട്ടാണ്. സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും സംസ്ഥാനത്ത് ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സർക്കാർ മുൻകൈയെടുത്ത് കെഎസ്ഐഡിസി മുഖേന നടപ്പിലാക്കുന്ന പ്രത്യേക സഹായ പദ്ധതിയാണ് ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ സ്റ്റാർട്ടപ്പുകൾ പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തന മൂലധനം വായ്പയും ലഭ്യമാക്കും. പ്രസ്തുത സ്കീമിനെ രണ്ടായി തിരിച്ചിരിക്കുന്നു: 1. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ ഇതിന്റെ ഭാഗമായി 25 ലക്ഷം മുതൽ രണ്ടുകോടി രൂപവരെ വായ്പയായി അനുവദിക്കുന്നു. മൂന്ന് ശതമാനം സർക്കാർ സബ്സിഡി നൽകുന്നതിനാൽ 7% പലിശയ്ക്ക് വായ്പ ലഭിക്കും. പ്രസ്തുത വായ്പ എം.എസ്.എം.ഇ (ഉദ്യം) രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള പ്രൊപ്രൈറ്റർഷിപ്, പാർട്ണർഷിപ്, ലിമിറ്റഡ് കമ്പനി തുടങ്ങിയവയ്ക്ക് ലഭ്യമാക്കുന്നതാണ്. ഒരു കോടി

രൂപ വരെയുള്ള വായ്പകൾക്ക് സേവന നിരക്ക് (പ്രോസസ്സിംഗ് അപ്പ്രണ്ട് ഫീസ് എന്നിവ) ഇല്ല. പ്രസ്തുത വായ്പയുടെ തിരിച്ചടവ് കാലാവധി 5 വർഷവും, മാത്രമല്ല 1 വർഷത്തെ മൊറട്ടോറിയവും ലഭ്യമായിരിക്കുന്നതാണ്. 2. സൂക്ഷ്മ സംരംഭങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കാണ് പ്രസ്തുത വായ്പ ലഭ്യമാക്കാൻ അർഹത. അവസാന രണ്ടു വർഷത്തെ വിറ്റുവരവിൻ്റെ 20 ശതമാനമായിരിക്കും വായ്പയായി ലഭിക്കുക. കുറഞ്ഞത് അഞ്ച് ലക്ഷം രൂപയും പരമാവധി ഒരു കോടി രൂപയും എന്ന നിലയിൽ ആയിരിക്കും വായ്പ ലഭ്യത പരിമിതപ്പെടുത്തിയിരിക്കുക. പ്രസ്തുത മൂലധന വായ്പ 8 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ 9.75% പലിശ നിരക്കിൽ ടേം ലോണായിട്ടാണ് ലഭ്യമാക്കുന്നത്. പ്രസ്തുത വായ്പയുടെ പ്രോസസിങ്ങിനായി 25,000 രൂപ മാത്രമാണ് ഫീസിനത്തിൽ ഈടാക്കുവാൻ ഉദ്ദേശിക്കുന്നത്. കൂടാതെ പ്രവാസികൾക്കായി കെഎസ്ഐഡിസിയും നോർക്കയും ചേർന്ന് അവതരിപ്പിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് പ്രവാസി ഭദ്രാ മെഗാ പദ്ധതി. പ്രസ്തുത പദ്ധതി മുഖേന സംസ്ഥാന സർക്കാർ കെ എസ് ഐ ഡി സി മുഖാന്തരം ഉണഭോക്താക്കളായ പ്രവാസികൾക്ക് അനുവദിക്കുന്ന വായ്പ 25 ലക്ഷം മുതൽ രണ്ടു കോടി രൂപ വരെയാണ്. കൂടാതെ, കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ദ്രവ്യ ലാഭം നേടുന്ന പബ്ലിക്, പ്രൈവറ്റ് ലിമിറ്റഡ് കമ്പനികൾ, സംസ്ഥാന, കേന്ദ്ര സർക്കാർ വകുപ്പുകൾ / സ്ഥാപനങ്ങളുമായുള്ള സംരംഭകർ നടത്തുന്ന യഥാർത്ഥ വ്യാപാര ഇടപാടുകളിൽ നിന്ന് ഉണ്ടാകുന്ന ബില്ലുകൾ വാങ്ങുന്നതിനും കിഴിവ് ചെയ്യുന്നതിനും ബിൽ ഡിസ്കൗണ്ടിംഗ് സ്കീം നടപ്പിലാക്കുന്നു. സർക്കാർ സ്ഥാപനങ്ങൾ അനുവദിച്ച സാധുവായ കരാറുകൾ വിതരണക്കാരൻ / കരാറുകാരൻ ഇതിനകം തന്നെ ആരംഭിക്കുകയും സർക്കാരിന്റെ ബജറ്റ് വിഹിതം വഴി പദ്ധതിക്ക് ധനസഹായം നൽകുകയും ചെയ്താൽ അവർക്കും ഈ പദ്ധതി ബാധകമാണ്. പ്രസ്തുത സ്കീം മുഖേന നൽകുന്ന ധനസഹായം കോൺടാക്ട് / വാങ്ങപ്പെട്ട തുകയുടെ 80%മായി (ചുരുങ്ങിയത് 2 കോടി മുതൽ), മാത്രമല്ല ഒറ്റത്തവണ പരമാവധി 5 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. ഇത് ആകർഷകമായ പലിശ നിരക്കിൽ 100% വരെ ലഭ്യമാക്കാവുന്നതാണ്. ഇത് 1 വർഷത്തിനുള്ളിൽ അല്ലെങ്കിൽ ബില്ലിന്റെ കാലാവധി പൂർത്തിയാകുന്ന തീയതി ഏതാണോ ആദ്യം അന്നേ

| | | | |
|---|---|---|---|
| | | | ദിവസത്തിനുള്ളിൽ തിരിച്ചടയ്ക്കാവുന്നതാണ്. ഇക്കാര്യത്തിൽ സർക്കാർ നൽകുന്ന പ്രോമിസറി നോട്ടുകൾക്കെതിരെയാണ് ധനസഹായം നൽകുന്നത്. കൂടാതെ കോൺട്രാക്ടർ ലോൺ സ്കീം മുഖേന സംസ്ഥാനത്ത് സർക്കാർ ഏൽപ്പിച്ച കരാറുകളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് സ്ഥാപിതവും വായ്പായോഗ്യവുമായ അപേക്ഷകർക്ക് ഏറ്റെടുത്ത സർക്കാർ വകുപ്പുകൾ / സംസ്ഥാനത്തെ ഏജൻസികൾ / പൊതുമേഖലാ സ്ഥാപനങ്ങൾ / സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയിട്ടുള്ള ജോലിയുടെ ചെലവിന്റെ 60% സാമ്പത്തിക സഹായം നൽകും. പ്രസ്തുത പദ്ധതിയുടെ തിരിച്ചടവ് കാലാവധി 3 വർഷമാണ്. പങ്കാളിത്ത സൗഹൃദ ടൂറിസം പദ്ധതി 'കാരവൻ കേരള'ക്ക് കരുത്തേകാൻ ടൂറിസ്റ്റ് കാരവനുകൾ വാങ്ങുന്നതിനും കാരവൻ പാർക്കുകൾ നിർമ്മിക്കുന്നതിനും അഞ്ചുകോടി രൂപ വരെ വായ്പ നൽകുന്നു. ഒരു കാരവന് ഒരു കോടി രൂപ എന്ന നിരക്കിലോ, ചെലവിൻറെ 70 ശതമാനമോ അഞ്ച് കാരവനുകൾ വരെ വാങ്ങുന്നതിന് ഒരു സംരംഭത്തിന് വായ്പ ലഭിക്കും. ഓരോ വാഹനത്തിനും അൻപത് ലക്ഷം രൂപ മുതൽ ഒരു കോടി രൂപ വരെയാണ് പരിധി. പുതിയ വാഹനങ്ങൾക്ക് മാത്രമാണ് വായ്പ ലഭിക്കുക. 8.75 ശതമാനമാണ് പലിശ. ഒരു വർഷത്തെ മൊറോട്ടോറിയം കാലാവധിക്കുശേഷം 84 മാസങ്ങൾക്കുള്ളിൽ തുക തിരിച്ചടക്കണം. |
| (ബി) | കോട്ടയം ജില്ലയിൽ മീറ്റ് ദി മിനിസ്റ്റർ പരിപാടിയിലൂടെ ലഭിച്ച പരാതികളിലും നിർദ്ദേശങ്ങളിലും എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കോട്ടയം ജില്ലയിൽ വച്ച് നടത്തിയ മീറ്റ് ദി മിനിസ്റ്റർ പരിപാടിയിൽ ആകെ 128 പരാതികൾ ലഭിച്ചു. അതിൽ 115 പരാതികൾ ഇതുവരെ തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ള 13 പരാതികളിൽ സർക്കാർ തലത്തിൽ നയപരമായ തീരുമാനങ്ങൾ ആവശ്യമുള്ളതിനാൽ ആയതിനുള്ള തുടർനടപടി സ്വീകരിച്ച് വരുന്നു |

സെക്ഷൻ ഓഫീസർ